പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2300 — 16.08.2017 ൽ മറുപടിക്ക്

**തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കൂടുതലുള്ള ക്ഷേത്രങ്ങൾ ഏതൊക്കെയാണ്; 2015-16, 2016-17 വർഷങ്ങളിലെ ബോർഡിന്റെ ആകെ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | ശബരിമല, പമ്പ ഗണപതി ക്ഷേത്രം, എരുമേലി ക്ഷേത്രം, ശ്രീകണ്ഠേശ്വര ക്ഷേത്രം (തിരുവനന്തപുരം), തിരുവല്ലം ക്ഷേത്രം, കൊട്ടാരക്കര ഗണപതി ക്ഷേത്രം, മലയാലപ്പുഴ ക്ഷേത്രം, ചെട്ടികുളങ്ങര ക്ഷേത്രം, അമ്പലപ്പുഴ ക്ഷേത്രം, ഏറ്റുമാനൂർ ക്ഷേത്രം, വൈക്കം ക്ഷേത്രം, ചെങ്ങന്നൂർ ക്ഷേത്രം എന്നിവയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കൂടുതലുള്ള ക്ഷേത്രങ്ങൾ.<br>2015 - 16 വർഷത്തെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആകെ വരുമാനം 572,81,74,664/- രൂപയും 2016 - 17 ൽ 613,22,19,737/- രൂപയുമാണ്. |
| (ബി) | ക്ഷേത്രങ്ങളിലെ വരുമാനത്തിൽ സംഭവിച്ച കുറവ് നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വരുമാന കുറവ് സംഭവിച്ചിട്ടില്ല. |
| (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനനഷ്ടം കാരണം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ കഴിയുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിൽ തടസ്സം നേരിട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ